**Week-5**

# Love for God and Nation

(ദൈവസ്നേഹവും , ദേശസ്നേഹവും- സങ്കീ:137:5-6)




ദേശസ്നേഹം എന്നാലെന്ത്? കൊച്ചുമകൻ ആകാശ് ഫിലോസഫി പ്രഫസറായിരുന്ന തന്റെ മുത്തച്ഛനോട് ചോദിച്ചു. സ്വന്തരാജ്യത്തിനു വേണ്ടി ജീവൻ കളയുക, ജയിലിൽ കിടക്കുക തുടങ്ങിയ പ്രവർത്തികൾ ചെയ്യുന്നവരാണോ മുത്തച്ഛാ ദേശസ്നേഹികൾ .ആകാശിന്റെ സഹോദരി ആനന്ദി തന്റെ അഭിപ്രായം മുത്തച്ഛനോടു പറഞ്ഞു. ജയിലിൽ നെഹ്റു , ഗാന്ധിജി ഇവർ കിടന്നതുപോലെ കിടക്കുന്നതോ രാജ്യത്തിനുവേണ്ടി വീരമൃത്യു വരിക്കുന്നതോ മാത്രമല്ല ദേശസ്നേഹം എന്ന മുത്തച്ഛന്റെ മറുപടി കുഞ്ഞുങ്ങളെ അതിശയിപ്പിച്ചു. ജാതി മതഭേദമെന്യേ രാജ്യത്തിന്റെ വിവിധ സംസ്ക്കാരത്തെ ബഹുമാനിക്കുന്നതാണ് യഥാർത്ഥ ദേശസ്നേഹം. അടുത്ത ദിവസം തെളിവുസഹിതം ഇത് കുട്ടികളെ മനസ്സിലാക്കുവാനായി അടുത്ത ഗ്രാമത്തിലേക്ക് അവർ ഒരു ട്രെയിൻ യാത്ര നടത്തി.അവിടെ അവരെ സ്വീകരിപ്പാൻ ഒരു ഗ്രാമ

വാസി ഉണ്ടായിരുന്നു. അവർ ഒന്നിച്ച് ഗ്രാമവീഥികളിൽ കൂടി നടന്ന് ഒരു ആൽത്തറയിലെത്തി. അവിടെ വിശ്രമിച്ച കുട്ടികളോട് മുത്തച്ഛൻ ഒരു കഥ പറഞ്ഞു.

നാം പാർക്കുന്ന അടുത്തഗ്രാമത്തിൽ രവി എന്നൊരു മിടുമിടുക്ക നായ വിദ്യാർത്ഥി ഉണ്ടായിരുന്നു. തന്റെ M.B.B.S പഠനം പൂർത്തിയാക്കിയ ശേഷം സ്കോളർഷിപ്പോടെ അമേരിക്കയിലേക്ക് ഉപരിപഠ നാർത്ഥം അവൻ പോയി. ഉപരിപഠനകാലയളവിനുശേഷം രവിയുടെ കൂടെയുള്ളവർ അമേരിക്കയിൽ തന്നെ താമസിക്കുവാൻ തീരുമാനിച്ച പ്പോൾ  രവി മാത്രം നാട്ടിലേക്ക്  മടങ്ങിപ്പോന്നു. ആ മടങ്ങിവരവ് Dr. രവിയുടെ മാതാപിതാക്കളും ഇഷ്ടപ്പെട്ടില്ല. അവർ എതിർത്ത പ്പോഴും രവി പറഞ്ഞത് "ഞാൻ ഒരു ഇന്ത്യാക്കാരനാണ് .ഞാൻ എന്റെ നാടിനേയും നാട്ടുകാരേയും സ്നേഹിക്കുന്നു" സർക്കാർ പണം ചില വാക്കി പഠിപ്പിച്ചത് അന്യനാട്ടിൽ ജോലി ചെയ്യുവാനല്ല, എന്റെ നാട്ടു കാരെ സേവിക്കുവാൻ വേണ്ടിയാണ്. Dr. രവിയുടെ തീരുമാനം ഉറച്ച തായതിനാൽ ഒരു ഗ്രാമപ്രദേശത്തെ സർക്കാർ ആശുപത്രിയിലാണ് ജോലി ചെയ്തത്. ആ സമയത്ത് തൊട്ടടുത്ത ഗ്രാമത്തിൽ ഭയങ്കരമായ ഒരു പകർച്ചവ്യാധി പടർന്നു പിടിച്ചു. അനേകർ മരിച്ചു. അവിടേക്ക് പോകുവാൻ പലരും വിസമ്മതിച്ചപ്പോൾ രവി അവിടേക്ക് പോയി. മരണ സംഖ്യ കുറഞ്ഞു. എന്നാൽ രവി രോഗത്തിന് കീഴ്പ്പെട്ടു. മാതാപിതാ ക്കന്മാർപോലും  അറിയാതെ അവിടേക്കുപോയ ആ നല്ലവനായ ദേശ സ്നേഹി ആ ഗ്രാമത്തിൽ വച്ച് ഇഹലോകവാസം വെടിഞ്ഞു. ഇന്ന് രവിയുടെ ഓർമ്മ നിലനിർത്തുന്ന പല സ്ഥാപനങ്ങളും ഈ ഗ്രാമത്തിലു ണ്ട്.തിളക്കമുള്ള കണ്ണുകളോടെ കഥ തുടങ്ങിയ മുത്തച്ഛൻ കണ്ണുനീ

രോടെ കഥ അവസാനിപ്പിച്ചപ്പോൾ കുഞ്ഞുങ്ങൾ കാരണം തിരക്കി. കണ്ണുനീർ തുടച്ച് അദ്ദേഹം പറഞ്ഞു മക്കളേ ! രവി എന്റെ മകനും നിങ്ങളുടെ അമ്മയുടെ സഹോദരനുമാണ്. ഈ സ്നേഹമാണ് യഥാർത്ഥ സ്നേഹം. ദേശസ്നേഹം വാക്കുകളിലല്ല പ്രവർത്തിയിലാണ് കാണിക്കേണ്ടത്.

ഇന്നത്തെ തലമുറ വായിച്ച് ഗ്രഹിക്കേണ്ടതാണ് സങ്കീ:(137:1-6)വരെയുള്ള വാക്യങ്ങൾ , ബാബേൽ നദിയുടെ തീരത്ത് ഇരുന്ന് പ്രവാസികൾ കരഞ്ഞത് പ്രവാസകാലത്തെ കഷ്ടത ഓർത്തല്ല യിസ്രായേലിന്റെ തകർച്ചയെ ഓർത്താണ്. ദൈവത്തേയും , ദൈവീക സത്യങ്ങളേയും മറന്ന് ദൈവീകസൃഷ്ടികളെ ആരാധനാമൂർത്തികളാക്കുന്നു. ശത്രുരാജ്യത്തിരുന്ന് അവരുടെ ദേശത്തിന്റെ ദേശീയഗാനം പാടുവാൻ അവർ ഇഷ്ടപ്പെട്ടില്ല. പരിഹാസികളുടെ മുമ്പിൽ സ്വന്തം ദേശത്തെയും , ഭാഷയേയും ഇകഴ്ത്തി പറയുന്നത് മലയാളികൾക്ക് സന്തോഷമുള്ള കാര്യമാണ്. ചതിവും വഞ്ചനയുമുള്ള ഈ ലോകത്തെ ദൈവം സ്നേഹിച്ചുയെങ്കിൽ ദേശത്തേയും , ദേശവാസികളേയും സ്നേഹിപ്പാൻ നമുക്കും കഴിയണം. ദൈവം സഹായിക്കട്ടെ.

## <u>പ്രാർത്ഥന</u>

യേശുവേ ! ശുദ്ധഹൃദയം , നല്ല മനസാക്ഷി എന്നിവയാലുളവാകുന്ന സ്നേഹത്തോടെ മറ്റുള്ളവരെ ബഹുമാനിപ്പാൻ കൃപ നൽകേണമേ. യേശുവിൻ നാമത്തിൽ തന്നെ ആമേൻ.

Santhamma Varghese